(സി) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള 6000-ൽപ്പരം വിവിധ ഇനങ്ങളിൽപ്പെട്ട മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന വിൽപ്പന നടത്തുന്നുണ്ട്. നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽപ്പന നടത്തുന്ന മരുന്നുകൾക്ക് സബ്സിഡി നൽകുന്നില്ല. ഇൻസുലിൻ മരുന്നുകൾ വിൽപ്പന വിലയിൽ നിന്നും 10 ശതമാനം വിലക്കുറവിലും മറ്റ് മരുന്നുകൾ എം.ആർ.പി.-യെക്കാൾ 10 മുതൽ 20 ശതമാനം വിലക്കുറവിലും വിൽപ്പന നടത്തുന്നു.

(ഡി) പ്രധാനപ്പെട്ട കമ്പനികളുടേതായി കേരളത്തിൽ വിൽക്കപ്പെടുന്ന മരുന്നുകൾ കേന്ദ്രീകൃത വാങ്ങൽ വഴിയും പ്രാദേശികമായി രോഗികൾക്കാവശ്യമുള്ള മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോർ വഴി നേരിട്ട് വാങ്ങിയും അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

നന്മ സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി

75 (4066) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നൻമ സ്റ്റോർ തുടങ്ങുന്നതിനായി പഞ്ചായത്തുകളോ പൊതു സമൂഹമോ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) വ്യവസ്ഥകൾ പാലിച്ചിട്ടും സ്റ്റോറുകൾ തുടങ്ങാത്ത എത്ര സ്ഥലങ്ങളുണ്ട് ;

(ഡി) കഴിഞ്ഞ രണ്ട് വർഷമായി മുൻകൂർ വാടക നൽകി ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടും തുടങ്ങാൻ കഴിയാത്ത എത്ര സ്റ്റോറുകൾ കോഴിക്കോട് ജില്ലയിൽ ഉണ്ട് ;

(ഇ) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഇവ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനമോ സഹകരണ സ്ഥാപനങ്ങളോ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനമോ സന്നദ്ധ സംഘടനകളോ കുറഞ്ഞത് 200/400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ സ്ഥലം വാടകയില്ലാതെ അനുവദിക്കാൻ തയ്യാറാകുന്നപക്ഷം വിൽപ്പന സാദ്ധ്യതകൂടി പരിഗണിച്ച് പ്രത്യേക പരിഗണനാടിസ്ഥാനത്തിൽ ആ പ്രദേശങ്ങളിൽ നന്മ സ്റ്റോർ ആരംഭിക്കുകയാണ് ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസ്ഥകൾ പാലിച്ച് സ്ഥലം ലഭ്യമായിട്ടും നന്മ സ്റ്റോറുകൾ തുടങ്ങാത്ത 60 സ്ഥലങ്ങളുണ്ട്.

(ഡി) വാടകരഹിതമായി ലഭിക്കുന്ന കെട്ടിടങ്ങളിലാണ് നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. ഇപ്രകാരം സ്ഥലസൗകര്യം ലഭ്യമായിട്ടും തുടങ്ങാൻ കഴിയാത്ത 7 സ്റ്റോറുകളാണ് കോഴിക്കോട് ജില്ലയിലുള്ളത്.

(ഇ) കോഴിക്കോട് ജില്ലയിൽ മൈക്കാവ്, ചൂലൂർ, കുരുവട്ടൂർ, മുച്ചുകുന്ന്, ബാലുശ്ശേരി (കോക്കല്ലൂർ), നരിപ്പറ്റ, കാരശ്ശേരി (വല്ലത്തായിപാറ) എന്നീ സ്ഥലങ്ങളിലാണ്. നിലവിലുള്ള നന്മ സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയതിനുശേഷം മാത്രം പുതുതായി അനുവദിച്ച നന്മ സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിച്ചാൽ മതിയെന്ന ഫെഡറേഷന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇവ തുടങ്ങാൻ നടപടി സ്വീകരിക്കാത്തത്.

നീതി സ്റ്റോറുകളിലെ സെയിൽസ്മാൻമാർ

76 (4067) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു;

(ബി) നീതി സ്റ്റോറുകളിൽ എത്ര സ്ഥിരം സെയിൽസ്മാൻമാരും എത്ര താൽക്കാലിക സെയിൽസ്മാൻമാരും ജോലി ചെയ്യുവരുന്നു;

(സി) ഗവൺമെന്റ് ഉത്തരവ് പ്രകാരം നീതി സ്റ്റോറിലെ എത്ര സെയിൽസ്മാൻമാരെയും കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ജീവനക്കാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; കൊല്ലം ജില്ലയിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ഡി) കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് തുടർന്ന് വരുന്നതും 2010-ലെ ഗവൺമെന്റ് ഉത്തരവിന് മുമ്പ് കമ്മീഷൻ വ്യവസ്ഥയിൽ ജോലി ആരംഭിച്ചതുമായ എത്ര പേരെ ഇനിയും സ്ഥിരപ്പെടുത്താനുണ്ട്; കൊല്ലം ജില്ലയിൽ എത്ര പേരുണ്ട്; കൊല്ലം ജില്ലയിലെ ഏതെല്ലാം സ്റ്റോറുകളിലാണ് ഇവർ കമ്മീഷൻ വ്യവസ്ഥയിൽ ഇപ്പോഴും ജോലി ചെയ്യുന്നത്; ഇവരുടെ സ്ഥിര നിയമനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 633 നീതി സ്റ്റോറുകൾ.

(ബി) നീതി സ്റ്റോറുകളിൽ 308 സ്ഥിരം സെയിൽസ്മാൻമാരും 367 താൽക്കാലിക സെയിൽസ്മാൻമാരും ജോലി ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly